# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. T4151 16.03.2017-ലെ മറുപടി

### ചിറ്റൂർ നിയോജകമണ്ഡലത്തിലെ കടിവെള്ള വിതരണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ. കൃഷ്ണൻകുട്ടി | | മാത്യു ടി. തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| എ | മുൻവർഷങ്ങളിലേതിൽ നിന്ന് വ്യത്യസ്തമായി ചിറ്റൂർ നിയോജകമണ്ഡലത്തിലെ കടിവെള്ള വിതരണം കൂടുതൽ സുതാര്യമാക്കാനും അഴിമതിരഹിതമാക്കാനും എന്തൊക്കെ നടപടി ക്രമങ്ങളാണ് സ്വീകരിച്ചിട്ടുള്ള തെന്ന് വ്യക്തമാക്കാമോ; | എ മറ്റു സ്ഥലങ്ങളിൽ എന്ന പോലെ തന്നെ സുതാര്യമായാണ് ചിറ്റൂർ നിയോജകമണ്ഡലത്തിലും ജല അതോറിറ്റി ജലവിതരണം നടത്തുന്നത്. ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്ന് എന്തെങ്കിലും ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം നടപടികൾ സ്വീകരിക്കാറുണ്ട്. ജല അതോറിറ്റിയുടെ പദ്ധതികളിൽ നിന്നും ടാങ്കറുകൾ വഴി വിതരണം ചെയ്യുന്ന വെള്ളത്തിന്റെ അളവ് അറിയുന്നതിന് മീറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ഇത് പ്ലാന്റുകളിൽ വെച്ചിരിക്കുന്ന ലോഗ് ബുക്കിൽ രേഖപ്പെടുത്താറുമുണ്ട്. ചിറ്റൂർ മണ്ഡലത്തിലെ വാട്ടർ അതോറിറ്റിയുടെ പദ്ധതികളിൽ നിന്നും ജലവിതരണം ഇല്ലാത്ത സ്ഥലങ്ങളിൽ ജലവിതരണം നടത്തുന്നത് റവന്യൂ വകുപ്പാണ്. |
| ബി | ചിറ്റൂർ നിയോജകമണ്ഡലത്തിൽ കടിവെള്ള വിതരണത്തിനായി 2016-17 സാമ്പത്തികവർഷം ഇന്നു വരെ എത്ര രൂപ ചെലവഴിച്ചു; ഇതിന്റെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ; | ബി 2016-17 സാമ്പത്തിക വർഷത്തിൽ ചിറ്റൂർ നിയോജകമണ്ഡലത്തിൽ ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ പഞ്ചായത്ത് തിരിച്ച് ചുവടെ ചേർക്കുന്നു. |

| | |
|---|---:|
| വടകരപ്പതി | 20,29,500 |
| എരുത്തേമ്പതി | 2,60,400 |
| പെരുമാട്ടി | 10,79,650 |
| പട്ടഞ്ചേരി | 3,78,000 |
| ആകെ | 37,47,550 |

| | | |
|---|---|---|
| സി | കടിവെള്ള വിതരണം സംബന്ധിച്ച പരാതികൾ സ്വീകരിക്കാനും ആയത് പരിഹരിക്കാനും എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ? | സി ജലഅതോറിറ്റിയുടെ കടിവെള്ള വിതരണത്തിലെ പരാതികൾ വാട്ടർ അതോറിറ്റിയുടെ എല്ലാ ഓഫീസുകളിലും സ്വീകരിക്കുന്നതിനും പരിഹരിക്കുന്നതിനുമുള്ള സംവിധാനം നിലവിൽ ഉണ്ട്. വരൾച്ച പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പിലാക്കുന്നതിനായി കൺട്രോൾ റൂമുകൾ ജില്ലാടിസ്ഥാനത്തിൽ തുറന്നിട്ടുണ്ട്. ഇത് കൂടാതെ 24x7 അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു |

കേന്ദ്രീകൃത കൺട്രോൾ റൂം ഹെഡ് ഓഫീസിൽ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. കൺട്രോൾ റൂമുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പൊതു ജനങ്ങളുടെ പരാതിയിന്മേൽ സത്വര നടപടികൾ സ്വീകരിക്കുന്നു എന്ന് ഉറപ്പാക്കാനും ഒരു Drought Management Cell ഹെഡ് ഓഫീസിൽ പ്രവർത്തിക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ടുള്ള സന്ദേശങ്ങൾ ഉടനടി ഉദ്യോഗസ്ഥതലത്തിൽ കൈമാറാനും തത്സമയം ആശയവിനിമയം നടത്താനുമായി ഫീൽഡ് എഞ്ചിനീയർമാരെയെല്ലാം ഉൾക്കൊള്ളിച്ച് ഒരു വാട്സ് ആപ് ഗ്രൂപ്പും ആരംഭിച്ചിട്ടുണ്ട്.

Renuka Sankar
സെക്ഷൻ ഓഫീസർ